പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3031 — 19-06-2018-ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | **(എ)** നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കുവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറു ധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെ കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം, എന്നീ തരത്തിലുള്ള കൃഷി നാശത്തിനാണ് പദ്ധതി സംരക്ഷണം നൽകുന്നത്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽ കൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീട രോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയംതുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ, പാട്ടത്തിനോ, കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ |

അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ, ചേരാവുന്നതാണ്. ഈ പദ്ധതി പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ വഴി നടപ്പിലാക്കിവരുന്നു. പ്രീമിയം തുക അടച്ച ദിവസം മുതൽ 7 ദിവസങ്ങൾക്കുശേഷം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

പ്രകൃതിക്ഷോഭം ഉണ്ടായി 15 ദിവസത്തിനുള്ളിൽ അപേക്ഷ കൃഷി ഭവനിൽ നൽകേണ്ടതും 5 ദിവസത്തിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിനാശം തിട്ടപ്പെടുത്തേണ്ടതുമാണ്. നെൽകൃഷിക്ക് 3 ലക്ഷം രൂപ വരെയുള്ള കൃഷിനാശത്തിനും മറ്റ് വിളകൾക്ക് 2 ലക്ഷം രൂപ വരെയുള്ള കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകുന്നതിനുള്ള അധികാരം ജില്ലാ തലത്തിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനുമുകളിലുള്ള നഷ്ടപരിഹാരം കൃഷി ഡയറക്ടർ തലത്തിലും കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലും നിക്ഷിപ്തമാണ്.

**(ബി)** പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കർഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം നല്കുമോ;

**(ബി)** വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

**(സി)** ഈ സർക്കാർ അധികാരമേറ്റശേഷം ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

**(സി)** ഉണ്ട്.

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി, ജാതി, ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ചു ഇരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിള | മുമ്പ് ഉണ്ടായിരുന്നത് | വർദ്ധിപ്പിച്ചത് |
|---|---|---|
| നെല്ല് | 45 ദിവസത്തിനുള്ളിൽ രൂ.3000/ha<br>45 ദിവസത്തിനുശേഷം രൂ.5000/ha | 45 ദിവസത്തിനുള്ളിൽ രൂ.15000/ha<br>45 ദിവസത്തിനുശേഷം രൂ.35000/ha |
| പച്ചക്കറികൾ | പന്തലില്ലാത്തതിന് രൂ.15000/ha<br>പന്തലുള്ളതിനു രൂ.25000/ha | പന്തലില്ലാത്തതിന് രൂ.25000/ha<br>പന്തലുള്ളതിനു രൂ.40000/ha |
| കുരുമുളക് | ഓരോ താങ്ങു മരത്തിനും രൂ. 40 വീതം | ഓരോ താങ്ങു മരത്തിനും രൂ. 200 വീതം |
| ഏലം | രൂ.30000/ha | രൂ.60000/ha |

| | | |
|---|---|---|
| ഇഞ്ചി | രൂ.40000/ha | രൂ.80000/ha |
| മഞ്ഞൾ | രൂ.40000/ha | രൂ.60000/ha |
| ജാതി | രൂ.200/മരം | രൂ.3000/മരം |
| ഗ്രാമ്പൂ | രൂ.150/മരം | രൂ.1000/മരം |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 11005 |
| 2 | കൊല്ലം | 2902 |
| 3 | പത്തനംതിട്ട | 5186 |
| 4 | ആലപ്പുഴ | 22203 |
| 5 | കോട്ടയം | 6210 |
| 6 | ഇടുക്കി | 1581 |
| 7 | എറണാകുളം | 16680 |
| 8 | തൃശ്ശൂർ | 6242 |
| 9 | പാലക്കാട് | 24635 |
| 10 | മലപ്പുറം | 13453 |
| 11 | കോഴിക്കോട് | 25881 |
| 12 | വയനാട് | 16011 |
| 13 | കണ്ണൂർ | 18369 |
| 14 | കാസർഗോഡ് | 6286 |
| **ആകെ** | | **176644** |

സെക്ഷൻ ഓഫീസർ